# സെന്റ് ജോൺസ്എൽ.പി.എസ്
# അമ്പാറനിരപ്പേൽ




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

ഒരു നാടിന്റെ വികസനത്തിന്റെ തുടിപ്പിനും കുതിപ്പിനും നാന്ദി കുറിക്കുന്നത് ഒരു വിദ്യാലയമാണ് . ഒരു നാടിനെ പരസ്പരം ബന്ധിപ്പിക്കുന്നത് സർവ്വോപരി നാളെയുടെ വാഗ്ദാനങ്ങളെ നന്മയുടെ നിറകുടങ്ങൾ ആക്കി പാകപ്പെടുത്തി എടുക്കുന്നതും വിദ്യാലയങ്ങൾ ആണ്. ഒരു നൂറ്റാണ്ടിന്റെ ശിഷ്യസമ്പത്തു സ്വന്തമായുള്ള സെന്റ് ജോൺസ് പ്രൈമറി സ്കൂൾ , അമ്പാറനിരപ്പേൽ എന്ന കൊച്ചുഗ്രാമത്തിന്റെ തിലകക്കുറിയായി നിലകൊള്ളുന്നു . ഈ കലാലയം നൂറു വയസു പിന്നിടുമ്പോഴും അതിന്റെ യൗവനം കാത്തു സൂക്ഷിക്കുന്നു . നൂറ്റാണ്ടുകൾ പിന്നിട്ട വഴിയിലേക്ക് തിരിഞ്ഞു നോക്കി-യാൽ ദൈവാനുഗ്രഹം പെയ്തിറങ്ങിയ വർഷങ്ങൾ ആയിരുന്നു കടന്നു പോയത് എന്ന് തിരിച്ചറിയുന്നു.

ശതാബ്ദി ആഘോഷത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ സെന്റ് ജോൺസ് എൽ പി സ്കൂളിനൊരു പൊൻതൂവൽ കൂടി ചാർത്തിയെന്നു പറയാം . ഈ സ്കൂളിനെ നെഞ്ചിലേറ്റി ലാളിച്ച പൂർവ വിദ്യാർഥികൾ ഒന്നിച്ചുചേർന്നപ്പോൾ വിജയത്തിന്റെ പാതയിൽ മുന്നോട്ടു കുതിക്കാനുള്ള ഊർജവും പിൻബലവും നൽകുന്നതായിരുന്നു ശതാബ്ദിയാഘോഷം. ബഹുമാനപ്പെട്ട ജോയി അബ്രാഹം എം പി, ശ്രീ പി സി ജോർജ് എം എൽ എ , മാർ ജേക്കബ് മുരിക്കൻ തുടങ്ങിയ സമുന്നത നേതാക്കന്മാരെ ശതാബ്ദി ആഘോഷ വേദിയിൽ എത്തിക്കാൻ കഴിഞ്ഞു . മാത്രമല്ല ശ്രീ പി സി ജോർജ് എം എൽ എ യുടെ വികസന ഫണ്ടിൽ നിന്ന് സ്കൂളിന് നവീന രീതിയിലുള്ള പാചക പുരയും സ്റ്റോർ റൂമും പണിയാനുള്ള അഞ്ചു ലക്ഷം രൂപ അനുവദിച്ചു കിട്ടിയതും ശതാബ്ദി ആഘോഷത്തിന്റെ വലിയൊരു നേട്ടമാണ് . ശതാബ്ദി ആഘോഷ ചെലവിന്റെ ബാക്കിതുകകൊണ്ടു സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചു . ടൈൽ ഇട്ടു പരിഷ്കരിച്ച ഓഫീസ് മുറിയും ടൈൽ ഇട്ടു സീലിംഗ് ചെയ്ത കംപ്യൂട്ടർ ലാബും ഇതിനു തെളിവാണ് .

പാലാരൂപത എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ ലോക്കൽ മാനേജർ റവ ഫാ . ജെയിംസ് കൊച്ചയങ്കനാലാണ് . സ്കൂളിന്റെ എല്ലാ പ്രവർത്തങ്ങളിലും നല്ല നേതൃത്വവും ദീർഘ വീക്ഷണത്തോടെ നല്ല നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും കൈയും മെയ്യും മറന്നു അധ്വാനിക്കുകയും ചെയ്യുന്ന ഒരു വ്യക്തിത്വം ആണ് അച്ചനുള്ളത് . സ്കൂ-ളിന്റെ എല്ലാ അറ്റകുറ്റപ്പണികളും മാനേജ്മെന്റ് ഭംഗിയായി ചെയ്തു തരുന്നു .

പി ടി എ , എം പി ടി എ ഇവിടെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു . ശ്രീ സന്തോഷ് പ്ലാത്തോട്ടത്തിൽ ഇപ്പോൾ പി ടി എ പ്രസിഡന്റായി പ്രവർത്തിച്ചു വരുന്നു .സ്കൂളിന്റെ എല്ലാ പ്രവർത്തങ്ങളിലും പ്രത്യേകിച്ച് ശതാബ്ദി ആഘോഷം , ഓണം, സ്വാതന്ത്ര്യ ദിനം , ക്രിസ്തുമസ് , കല കായിക മേളകൾ , സ്കൂൾ പച്ചക്കറി തോട്ടം , വാർഷികാഘോഷം എന്നിവയിൽ നിർലോഭമായ സാന്നിദ്ധ്യ സഹകരണമാണ് പി ടി എ പ്രസിഡന്റിന്റെയും കമ്മറ്റി അംഗങ്ങളുടെയും ഭാഗത്തുനിന്ന് ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് .

സിസ്റ്റർ മേരി സെബാസ്റ്റ്യൻ ഇപ്പോൾ സ്കൂളിന്റെ ഹെഡ്മിസ്ട്രസ് ആയി പ്രവർത്തിച്ചുവരുന്നു .സ്കൂളിന്റെ സർവോതോന്മുഖമായ പുരോഗതിക്ക് വേണ്ടി തന്റെ ആരോഗ്യവും കഴിവുകളുമെല്ലാം വ്യയം ചെയ്യുന്ന വ്യക്തിത്വം , സഹപ്രവർത്തകരെ സഹകരണത്തിന്റെ പൊൻനൂലിൽ ചേർത്തുനിർത്തുന്ന പെരുമാറ്റശൈലി , . നിശ്ചയദാർട്യം , കഠിനാദ്ധ്വാനം , സ്ഥിര പരിശ്രമം , ലക്ഷ്യ ബോധം ഇവ മുഖ മുദ്രയാക്കി പ്രവർത്തിക്കുന്നു . പരസ്പര സഹകരണത്തിന്റെ , സപ്പോർട്ടിന്റെ കരങ്ങൾ പിടിച്ചു അദ്ധ്യാപനം ആസ്വാദ്യതയുള്ള-താക്കാൻ പരിശ്രമിക്കുന്ന അധ്യാപകരാണ് ഈ സ്കൂളിന്റെ പ്രവർത്തന മികവിന്റെ നട്ടെല്ല് .ഈ വർഷത്തെ പാഠ്യ പഠ്യേതര പ്രവർത്തന-ങ്ങളിലെ മികവുകൾക്കു കാരണം ഇവരുടെ അക്ഷീണ പ്രയത്നമാണ് .

എൽ കെ ജി മുതൽ നാല് വരെ ക്ലാസുകളിലായി 8 അധ്യാപകർ പ്രവർത്തിച്ചുവരുന്നു . എൽ കെ ജി ക്ലാസിൽ സിസ്റ്റർ റോസിലിറ്റും യു കെ ജി യിൽ ശ്രീമതി ലിസ സാജുവും ഒന്നാം ക്ലാസിൽ സിസ്റ്റർ അന്നക്കുട്ടി തോമസും രണ്ടാം ക്ലാസിൽ സിസ്റ്റർ മേരി സെബാസ്ട്യനും മൂന്നാം ക്ലാസിൽ ശ്രീമതി ലാലി സെബാസ്ട്യനും നാലാം ക്ലാസിൽ ശ്രീ ജോൺസ് എം ജോസും സേവനമനുഷ്ടിക്കുന്നു . കൂടാതെ സംഗീത അധ്യാപികയായി ശ്രീമതി സ്മിത സജിയും നൃത്ത അധ്യാപികയായി ശ്രീമതി സുമ ടീച്ചറും പ്രവർത്തിക്കുന്നു .

എൽ കെ ജി ,യു കെ ജി ക്ലാസുകൾ ഈ സ്കൂളിനോടനുബന്ധിച്ചുതന്നെ ഈ വർഷം നടത്തിവരുന്നു . ഇത് കുട്ടികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ഒരുപോലെ ഗുണപ്രദമായി എന്നത് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. രണ്ടു ക്ലാസുകളിലായി 25 കുട്ടികൾ പഠനം തുടരുന്നു.

# വിദ്യാലയത്തിന്റെ ചരിത്രം

1916 മുതൽ അമ്പാറനിരപ്പേൽ ഗ്രാമത്തിലെ ഏക ഔപചാരിക വിദ്യാകേന്ദ്രമായി നിൽക്കുന്ന സെന്റ് ജോൺസ് എൽ പി സ്കൂൾ അടുത്ത അധ്യയന വർഷത്തിൽ 102 -)o വയസിലേക്കു കടക്കുകയാണ് . കോട്ടയം റവന്യൂ ജില്ലയിലെ മീനച്ചിൽ താലൂക്കിൽ കൊണ്ടൂർ വില്ലേജിൽ മേലമ്പാറ - കീഴമ്പാറ കരകളുടെ സംഗമസ്ഥാനമായ അമ്പാറനിരപ്പേൽ ഗ്രാമത്തിന്റെ സമഗ്ര സാമൂഹിക സാംസ്കാരിക വളർച്ചയിൽ നടുനായകത്വം വഹിച്ചുവരുന്ന ഈ പ്രാഥമിക വിദ്യാകേന്ദ്രത്തിന്റെ ചരിത്രം അമ്പാറനിരപ്പേലിന്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ അയൽ പ്രദേശങ്ങൾ ആയ ഭരണങ്ങാനം , പ്ലാശനാൽ ,അരുവിത്തുറ ,ഇടമറ്റം ,തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു അമ്പാറനിരപ്പേലിലേക്കു കുടിയേറിയവരാണ് ഇവിടുത്തെ ആദ്യകാല കാരണവന്മാർ .അവർ തങ്ങളുടെ എല്ലാ കാര്യങ്ങൾക്കും എന്നപോലെ മക്കളുടെ വിദ്യാഭ്യാസത്തിനും മേൽ പറയപ്പെട്ട തറവാട്ടുപ്രദേശങ്ങൾ തന്നെയാണ് ആശ്രയിച്ചത് . ഇവിടുത്തെ സ്ഥിരതാമസക്കാരുടെ എണ്ണം വർദ്ധിക്കുകയും ആറുകളും കുന്നുകളും മാർഗ്ഗതടസംനിൽക്കുന്ന നടപ്പാതയിലൂടെ അയൽഗ്രാമത്തിലെ വിദ്യാകേന്ദ്രങ്ങളിലേക്കും മക്കളെ പഠിക്കാൻ അയയ്ക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുകയും ചെയ്തപ്പോൾ ഈ നാട്ടിലും ഒരു കുടിപള്ളിക്കൂടം തുടങ്ങണമെന്ന് തീരുമാനിച്ചു അക്കാലത്തു തന്നെയാണ് അവർ താങ്ങളുടെ ആദ്ധ്യാൽമികാവശ്യങ്ങക്കു ഒരു കുരിശുപള്ളി ആരംഭിക്കാൻ ശ്രമിച്ചതും. . പള്ളിയുള്ള എല്ലായിടങ്ങളിലും പള്ളിക്കൂടവും വേണം .എന്ന് താൽപര്യപെട്ടിരുന്ന നസ്രാണി പാരമ്പര്യം അമ്പാറനിരപ്പേൽ പള്ളിക്കു സമീപം തന്നെ ആശാൻ കളരിക്കും തുടക്കം കുറിച്ചു . അങ്ങനെയാണ് ഇന്ന് സെന്റ് ജോൺസ് എൽ പി സ്കൂൾ സ്ഥിതിചെയ്യുന്ന അതെ സ്ഥാനത്തു മഴുവൻ ചേരിൽ വേലു ആശാൻ എന്ന പണ്ഡിതൻ ഏക അധ്യാപകനായി ആദ്യത്തെ വിദ്യാകേന്ദ്രം തുടങ്ങിയത് .

അക്കാലത്തു ഒരു കുടുക്ക പൊടിമണലും പനയോലയും ഒരു മുഴം ചതുരത്തിലുള്ള പനമ്പായ തടുക്കും കൊണ്ടാണ് കുട്ടികൾ സ്കൂളിൽ വന്നിരുന്നത് . കൗബിനമായിരുന്നു വേഷം .കരിമ്പനയുടെ ഓല ചീന്തിൽ നാരായം എന്ന എഴുത്താണി ഉപയോഗിച്ചെഴുതിയ അക്ഷരമാല നിലത്തു വിതറിയ പൂഴിമണ്ണിൽ ചൂണ്ടു വിരൽ ഉരച്ചു എഴുതിപ്പഠിക്കുകയും എഞ്ചുവടി എന്ന പ്രാഥമിക കണക്കു മനഃപാഠമാക്കുകയും ചെയ്യാൻ കുട്ടികൾ ഏറെ കഷ്ടപെട്ടിരുന്നു .പഠനത്തിൽ താൽപ്പര്യം പ്രകടിപ്പിച്ചിരുന്ന കുട്ടികളെ മഹത്വ കാംക്ഷികളും ധനസ്ഥിതിയുള്ളവരുമായ ചുരുക്കം ചില

മാതാപിതാക്കൾ മാത്രമാണ് ഭരണങ്ങാനം , പാലാ, മാന്നാനം , പൂഞ്ഞാർ തുടങ്ങിയ വിദൂര ദേശങ്ങളിൽ അയച്ചു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചിരുന്നത് .അമ്പാറനിരപ്പേൽകാരായ ആദ്യകാല ബിരുദധാരികളായ പെരുമ്പള്ളിൽ സാറും മഴുവഞ്ചൂർ വക്കീലും ആദ്യ വൈദികനായ മുതുകാട്ടിൽ അച്ചനുമൊക്കെ അമ്പാറനിരപ്പേൽ സ്കൂളിലെ അത്തരം ഭാഗ്യശാലികളായ പൂർവവിദ്യാർത്ഥികളാണ് അങ്ങനെ ഉപരി വിദ്യാഭ്യാസം ലഭിക്കാൻ ഭാഗ്യമുണ്ടാകുന്ന മിക്കവാറും ആളുകളും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ഉദ്യോഗങ്ങളും തേടി അമ്പാറ നിരപ്പേലിനോട് വിടപറയുന്നു എന്നത് അമ്പാറനിരപ്പേലിന്റെ അവികസിത അവസ്ഥയുടെ പ്രധാന കാരണമാണ് എന്നതു എന്നും തിരിച്ചറിയപ്പെടാതെ കിടക്കുന്ന ഒരു നഗ്ന സത്യമാണ് .

1913 ആയപ്പോഴേക്കും വേലുആശാന്റെ നേതൃത്വത്തിലുള്ള കുടിപ്പള്ളിക്കൂടം ഒരു ഗവൺമെന്റ് അംഗീകൃത എലിമെന്ററി സ്കൂൾ ആക്കി ഉയർത്താനുള്ള ശ്രമങ്ങളും അതാതുകാലങ്ങളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്നു .1916 ൽ ഒരു പ്രൈമറി വിദ്യാലയം അമ്പാറനിരപ്പേൽ പള്ളിയുടെ മാനേജ്മെന്റിൽ തുടങ്ങാനുള്ള അനുവാദം അന്നത്തെ ഗവൺമെന്റിൽ നിന്ന് ലഭിച്ചു 1917 ജൂണിൽ ഒന്നും രണ്ടും ക്ലാസുകളോടെ സെന്റ് ജോൺസ് എൽ പി സ്കൂൾ നിലവിൽ വന്നു .യോഗ്യരായ നാട്ടുകാരായ അധ്യാപകർ ഇല്ലാതിരുന്നതിനാൽ ദീർഘകാലത്തേക്ക് പുറം നാട്ടുകാരായ അധ്യാപകരെയാണ് ഇവിടെ നിയമിച്ചിരുന്നത് ..ആദ്യത്തെ ഹെഡ്മാസ്റ്റർ കെ ശങ്കരപിള്ളയും സഹ അധ്യാപകൻ വെള്ളമുണ്ടയിൽ കുട്ടൻ ആശാനും ആയിരുന്നു . മാക്കിയിൽ മാണിസാറും വർഗീസ് സാറും കേശവപിള്ള സാറുമൊക്കെ ഈ നാട്ടിലെ പഴയ തലമുറയ്ക്ക് മറക്കാൻ ആവാത്ത പൂർവകാല പരദേശി അധ്യാപകനായിരുന്നു. ഇവിടുത്തെ ഏതെങ്കിലും വീട്ടിൽ അതിഥികളായി താമസിച്ചാണ് അവർ സ്കൂളിൽ പഠിപ്പിച്ചിരുന്നത് .ഈ നാട്ടിൽ നിന്ന് തന്നെ യോഗ്യത നേടി ഈ സ്കൂളിൽ നിയമനം നേടിയ ആദ്യകാല അധ്യാപകനായിരുന്നു പുല്ലാട്ടു ജോസഫ് സാറും പരവരാകത്തു ദേവസ്യ സാറും മത്തായി സാറും . പിന്നീട് ഇവർ സർക്കാർ സർവീസിലേക്ക് മാറുകയാണ് ഉണ്ടായത് .

1949 ൽ ഭരണങ്ങാനം ക്ലാരമഠത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ അധ്യാപകമാരായി നിയമിക്കാൻ ഇടവകയോഗം തീരുമാനിക്കുകയും പള്ളിച്ചെലവിൽ മഠം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങിച്ചു മഠം പണിതു . കൊടുക്കുകയും ചെയ്തു .അമ്പാറനിരപ്പേൽ സ്കൂളിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു ഈ തീരുമാനം 1956 ൽ ബഹുമാനപ്പെട്ട സോഫിയാമ്മ പ്രഥമ അധ്യാപികയായി നിയമിക്കപ്പെട്ടതിനു ശേഷം

ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ആണ് തുടർച്ചയായി ഹെഡ്മിസ്ട്രസ്മാരായി സ്കൂളിനെ നിയന്ത്രിച്ചു വരുന്നത് .സിസ്റ്റർ ജോസ് മരിയ ,സിസ്റ്റർ മേരി പീറ്റർ ,സിസ്റ്റർ സിബി ലീന ,സിസ്റ്റർ സെർജിയൂസ്,സിസ്റ്റർ കാർമൽ ജോസ് ,സിസ്റ്റർ സൊലോന ,സിസ്റ്റർ ഗാസ്പെർ ,സിസ്റ്റർ എൽസി ,സിസ്റ്റർ ആൻസ് ,സിസ്റ്റർ ജോബിറ്റ് ,സിസ്റ്റർ ഷൈനി ,തുടങ്ങിയവർ ഈ സ്കൂളിൽ സേവനമനുഷ്ഠിച്ച മുൻ പ്രഥമാധ്യാപകരാണ്. വേലു ആശാന്റെ കുടിപ്പള്ളിക്കൂടത്തിനു വേണ്ടി നിർമ്മിച്ച അഴിയിട്ട ആദ്യ കെട്ടിടത്തിൽ കൊള്ളാവുന്നതിൽ കൂടുതൽ കുട്ടികൾ പഠിക്കാനെത്തിയതോടെ ഉറപ്പുള്ള വലിയ സ്കൂൾ കെട്ടിടം ആവശ്യമായി വന്നു . ഗവ അംഗീകാരത്തിനും ഇതാവശ്യമായിരുന്നു .1928 ൽ നാട്ടുകാരുടെ സഹകരണത്തിൽ അന്നത്തെ പള്ളിവികാരി ബ. ഇല്ലത്തുപറമ്പിൽ അച്ചന്റെ വിദഗ്ദ്ധമായ മേൽനോട്ടത്തിൽ നാലുമാസം കൊണ്ട് നിർമിച്ചതാണ് സ്കൂളിന്റെ ഇപ്പോഴത്തെ മെയിൻ ബ്ലോക്ക് .1961-67 കാലഘട്ടത്തിൽ ഈ പള്ളിയുടെ വികാരിയായിരുന്ന ബ. ശൗര്യാംകുഴി യിൽ മാത്യു അച്ചന്റെ അന്യാദൃശ്യമായ നേതൃത്വപാടവത്തിൻ കീഴിൽ ഇടവക്കാർ ഒന്നടങ്കം സഹകരിച്ചു പുതിയ പള്ളിക്കൂടം പണിത അതെ കാലയളവിൽ വെട്ടിക്കൽ ആന്റണി സാർ സൗജന്യമായി നൽകിയ സ്ഥലം കൂടി ഉപയോഗിച്ചു പണിതതാണ് സ്കൂളിന്റെ കിഴക്കുവശത്തെ മുറികൾ . അക്കാലത്താണ് നഴ്സറി സ്കൂൾ സ്ഥാപിക്കപ്പെട്ടത് .

1940 വരെ ഗവൺമെന്റ് വക ഗ്രാന്റോ അധ്യാപകർക്കുള്ള ശമ്പളമോ ഒന്നുംതന്നെ ഈ സ്കൂളിന് ലഭിച്ചിരുന്നില്ല .ത്യാഗമതികളായ നാട്ടുകാർ പള്ളിയുടെ നേതൃത്വത്തിൽ പിടിയരി പിരിച്ചും സംഭാവന നൽകിയും കായികാധ്വാനം നടത്തിയുമാണ് സ്കൂൾ നിലനിർത്തിപ്പോന്നത് .ഇന്ന് കുട്ടികളുടെ എണ്ണത്തിനനുസരിച്ചു ഗവൺമെന്റിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നു .പള്ളിയുടേതായ ഈ സ്കൂളിന്റെ എല്ലാ ആവശ്യങ്ങളും ചെലവുകളും പള്ളിതന്നെ വഹിക്കുന്നു .1961 ൽ ഈ സ്കൂൾ അപ്പർ പ്രൈമറി സ്കൂളാക്കി മാറ്റാൻ ശ്രമമുണ്ടായെങ്കിലും വിജയിച്ചില്ല .1960 കൾക്കുശേഷം കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിലുണ്ടായ ചില പരിവർത്തനങ്ങളാണ് അമ്പാറനിരപ്പേൽ സ്കൂളിനെപ്പോലുള്ള സ്വകാര്യ എയ്ഡഡ് സ്കൂളുകളുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചത് എന്ന കാര്യം ആനുഷംഗികമായി ഇവിടെ സൂചിപ്പിക്കട്ടെ .ഇംഗ്ലീഷ് മാധ്യമത്തിലൂടെ പഠിച്ചാലുണ്ടായേക്കാവുന്ന ഭൗതികനേട്ടങ്ങളെക്കുറിച്ചുള്ള ആകാംക്ഷ രക്ഷകർത്താക്കളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് അമിതാസക്തിയുള്ളവരാക്കി മാറ്റി . വർധിച്ചുവരുന്ന യാത്രാസൗകര്യങ്ങളും മറ്റു അനേകം ആകർഷണങ്ങളും മലയാളം സ്കൂളുകളെ തളർത്തിക്കളഞ്ഞു.

## ലക്ഷ്യങ്ങൾ

- എൽ കെ ജി മുതൽ നാലാം ക്ലാസു വരെ ഓരോ ക്ലാസടി - സ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്കു ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവത്തന കലണ്ടറും രൂപപെടുത്തൽ.

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായി എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തുക.

- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക

- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു പ്രേത്യേക പരിഗണന നൽകി മുഖ്യ ധാരയിൽ എത്തിക്കുക

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക

- മാലിന്യ നിർമ്മാജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക

- സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുക

- അധ്യാപനവും അധ്യയനവും സർഗ്ഗാല്മകവും രസകരവും ആകുന്നതിനു ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്ത-നങ്ങൾ രൂപപ്പെടുത്തൽ

- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക

- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഉന്നത പഠന നിലവാരം പുലർത്തുന്ന പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| ക്ലാസ് പി ടി എ സജീവമാക്കൽ .<br>പ്രവർത്തിപരിചയ പഠനം .<br>സ്കൂൾ പത്രം / മാസിക<br>എസ് ആർ ജി ശാക്തീകരണം<br>ദിനാചരണങ്ങൾ<br>ടേം മൂല്യനിർണയം<br>നിരന്തര വിലയിരുത്തൽ<br>ഭാഷാ ലാബ്<br>ഗണിത ലാബ്<br>ഗണിത അന്തരീക്ഷം ഒരുക്കൽ<br>രചനാ ശില്പശാല<br>അഭിമുഖങ്ങൾ<br>ഐ ടി പരിശീലനം<br>അധ്യാപക ശാക്തീകരണ പരിപാടികൾ<br>കലാകായിക പരിശീലനം<br>സെമിനാറുകൾ<br>പഠന യാത്രകൾ<br>സാഹിത്യ പോഷണ പരിപാടികൾ<br>ജൈവവൈവിധ്യ പാർക്ക്<br>പ്രതിഭ പോഷണ പരിപാടി<br>ലൈബ്രറി ശാക്തീകരണം<br>ലബോറട്ടറി ആധുനികവൽക്കരിക്കൽ<br>ഭാഷോത്സവം<br>ഗണിതോത്സവം<br>വായന പരിപോഷണം<br>ഇംഗ്ലീഷ് പഠന പരിപോഷണം | കമ്പ്യൂട്ടർ റൂം<br>ലൈബ്രറി<br>മൾട്ടിമീഡിയ റൂം<br>സ്മാർട്ട് ക്ലാസ് റൂം<br>ലബോറട്ടറി<br>ഡൈനിങ് ഹാൾ<br>കുടിവെള്ള വിതരണം<br>ഓഫീസ് മുറി<br>സ്റ്റാഫ് മുറി<br>അടുക്കള<br>മാലിന്യ സംസ്കരണം<br>ചുറ്റുമതിൽ, ഗെയ്റ്റ്<br>ചിൽഡ്രൻസ് പാർക്ക്<br>പച്ചക്കറി തോട്ടം | വിദ്യാലയ വികസന സമിതി രൂപീകരിക്കൽ<br>എസ് എം സി ,എസ് എം ഡി സി കാര്യക്ഷമമാക്കൽ<br>പി ടി എ ശക്തിപ്പെടുത്തൽ<br>പൂർവ വിദ്യാർത്ഥി സംഘടന രൂപീകരിക്കൽ<br>ക്ലാസ് പി ടി എ മാതൃകാപരമാക്കുന്നതിനുള്ള പ്രവർത്തങ്ങൾ<br>ഗ്രന്ഥ ശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ ,പൂർവ അധ്യാപകർ ,രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br>ഭവന സന്ദർശനം<br>പ്രാദേശിക പി ടി എ<br>പഠനക്കൂട്ടം |

പ്രവർത്തനം - 1

പേര് : ലൈബ്രറി ശാക്തീകരണം

ഉപ മേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്കു കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗീകരിച്ചു ക്രമീകരിക്കൽ ,വിതരണ രജിസ്റ്റർ ശാസ്ത്രിയമാക്കൽ സ്കൂൾ ബാല സഭ ദിനാചരണങ്ങൾ പുസ്തക ചർച്ച അമ്മവായന വായനാനുഭവം പങ്കുവെക്കൽ നിഘണ്ടു നിർമ്മാണം വായന കുറിപ്പെഴുതൽ പതിപ്പുനിർമ്മാണം കവിതാനിർമ്മാണം കവിതക്ക് ഈണം നൽകൽ ചുവർ മാസിക നിർമ്മാണം വായന സാമഗ്രി വികസിപ്പിക്കൽ സമീപ ലൈബ്രറി ഉപകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ് പി ടി എ ലൈബ്രേറിയൻ | സ്പോൺസർഷിപ് 2000 /- |

പ്രവർത്തനം - 2

പേര് : നാടക കളരി

ഉപ മേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാൻ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യം /ചെറുകഥകൾഎന്നി വയുടെ നാടകാവിഷ്ക്കാരം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ് | |

പ്രവർത്തനം - 3

പേര് : രചനാ ശില്പശാല

ഉപ മേഖല : മാതൃഭാഷയിൽ വിവിധ ശേഷിയുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായന സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങുകൾ കവിയരങ്ങുകൾ,രചന ശില്പ ശാല എന്നിവ സംഘടിപ്പിക്കൽ . രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കൽ ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ വിസ്മയ ചുവർ | രണ്ടു വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | സ്പോൺസർ ഷിപ് 200/- |

പ്രവർത്തനം - 4

പേര് : ബ്ലോഗ് നിറക്കൽ യജ്ഞം

ഉപ മേഖല : ഭാഷാശേഷിയുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം | |

പ്രവർത്തനം - 5

പേര് : സർഗ്ഗ സല്ലാപം

ഉപ മേഖല : ഭാഷാ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന / എഴുത്തുകൾ എന്നിവ കുട്ടികളുമായി പങ്കുവെക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ്, പി റ്റി എ | സ്പോൺസർ ഷിപ് 2000/- |

പ്രവർത്തനം - 6

പേര് : മലയാള തിളക്കം

ഉപ മേഖല : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നോക്കക്കാരെ പരിഗണിക്കൽ | പ്രീ ടെസ്റ്റ് , അക്ഷരക്കാർഡ് നൽകി വായന , വാക്കുകൾ എഴുതിയ കാർഡ് വാക്ക് /വാക്യങ്ങൾ നിർമാണം അടിക്കുറിപ്പ്, പദസൂര്യൻ ചിത്രത്തിൽ നിന്ന് കഥപറയൽ ചിത്രത്തിൽ നിന്ന് കഥയെഴുതൽ കഥയുടെ ബാക്കിഎഴുതൽ കഥാപുസ്തകം നൽകൽ സി ഡി ചിത്രം നോക്കി വാക്യം എഴുതൽ | ജൂൺ - ഡിസംബർ | ടീച്ചേഴ്സ് പി ടി എ , ബി ആർ സി | പി ടി എ 2000/- |

പ്രവർത്തനം - 7

പേര് : വായനക്കൂട്ടം

ഉപ മേഖല : വായനപരിപോഷിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനപരിശിലനം | വായനക്കൂട്ടം ക്ലാസ് തലത്തിൽ വായന കാർഡ് ക്ലാസ് ലൈബ്രറി കഥയിലെ വാക്യങ്ങൾ ക്രമത്തിലാക്കി പറയൽ വായനോത്സവം സംഘടിപ്പിക്കൽ പത്രവാർത്ത വായന (ഒരു ക്ലാസിനു ഒരു പത്രം ) പത്ര വാർത്ത അടിസ്ഥാനമാക്കി ക്വിസ് മത്സരം വാർത്ത ശേഖരിക്കൽ പ്രദർശിപ്പിക്കൽ | ജൂൺ ,ജൂലൈ ഓഗസ്റ്റ്, സെപ്റ്റംബർ | ടീച്ചേഴ്സ് | പി ടി എ |

പ്രവർത്തനം - 8

പേര് : എഴുത്തുകൂട്ടം

ഉപ മേഖല : ലേഖനശേഷി പരിപോഷിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലേഖന പരിശിലനം | എഴുത്തുകൂട്ട രൂപികരണം പുസ്ത ചർച്ച ക്ലാസ് ലൈബ്രറി വായനകുറിപ്പു പതിപ്പാക്കൽ മാസിക ,ചുവർ പത്രിക - പതിപ്പുതയാറാക്കൽ വ്യക്തിഗത രചന കവിയെ പരിചയപ്പെടൽ ജീവചരിത്രക്കുറിപ്പ് പഠന ഗ്യാലറി ഭാഷ പാനൽ | ആഴ്ചയിൽ ഒരു ദിവസം | ടീച്ചേഴ്സ് | 2000/- |

പ്രവർത്തനം - 9

പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

ഉപ മേഖല : ഗണിത ശേഷി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗണിത പഠന പ്രവർത്തങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ .ലാബിൽ വെച്ചു ഗണിത ക്ലാസ് നടത്തൽ | ഒരു വർഷം | എസ് ആർ ജി ഗണിത ക്ലബ് | 3000/- |

പ്രവർത്തനം - 10

പേര് : ഗണിത മാസിക

ഉപ മേഖല : ഗണിതം മധുരമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗണിത പഠനത്തിൽ താൽപര്യം വർധിപ്പിക്കാൻ | പാറ്റേണുകൾ ജ്യാമിതിയ രൂപങ്ങൾ മറ്റു ഗണിത പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസ് തലത്തിൽ ഗണിത മാസിക തയാറാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | 1000/- |

പ്രവർത്തനം - 11

പേര് : ഒറിഗാമി ശില്പശാല

ഉപ മേഖല : നിർമ്മാണ പ്രവർത്തനം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ ,വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു .അവയുടെ ഗണിത ശേഷികൾ പട്ടികപ്പെടുത്തൽ , പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി ഗണിത ക്ലബ് | 1000/- |

പ്രവർത്തനം - 12

പേര് : സംഖ്യ ബോധം

ഉപ മേഖല : അക്കാദമികം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വസ്തു ബന്ധിതമായി എണ്ണൽ<br>കൂടുതൽ , കുറവ്<br>ഇരട്ടി ,പകുതി<br>ചെറിയകൂട്ടം , വലിയകൂട്ടം<br>സംഖ്യ വ്യാഖ്യാനം<br>ആരോഹണം അവരോഹണം<br>ഒറ്റ സംഖ്യ ,ഇരട്ട സംഖ്യ<br>സംഖ്യ മാല<br>സംഖ്യ പുഷ്പം<br>പാറ്റേൺ പൂർത്തിയാക്കൽ<br>സ്ഥാനവില പോക്കറ്റ്<br>അബാക്കസ് | ഡിസംബർ അവസാനം | ക്ലാസ് ടീച്ചർ | 1000/- |

പ്രവർത്തനം - 13

പേര് : സങ്കലനം

ഉപ മേഖല : അക്കാദമികം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സങ്കലന ശേഷി വികസിപ്പിക്കൽ | പട്ടികരൂപീകരണം<br>പാമ്പും ഗോവണിയും കളി<br>ബസ് കളി<br>പ്രശ്നാവതരണം<br>ചോദ്യങ്ങൾ നിർമ്മിക്കൽ | ജനുവരി അവസാനം | ക്ലാസ് ടീച്ചർ<br>പി ടി എ | ------------ |

പ്രവർത്തനം - 14

പേര് : വ്യവകലനം

ഉപ മേഖല : അക്കാദമികം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യവകലനശേഷി വികസിപ്പിക്കൽ | സങ്കലനത്തിലൂടെ വ്യവകലനം പ്രശ്നാവതരണം അവരോഹണം കൂടുതൽ കുറവ് ഊഹം | ജനുവരി അവസാനം | ക്ലാസ് ടീച്ചർ പി ടി എ | ----------- |

പ്രവർത്തനം - 15

പേര് : ഗുണനം

ഉപ മേഖല : അക്കാദമികം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗുണനം എളുപ്പമാക്കൽ | ആവർത്തനസങ്കലനത്തിലൂടെ പ്രശ്ന നിർധാരണം പട്ടികരൂപീകരണം സംഖ്യ പുഷ്പം സംഖ്യ പടി പ്രശ്നാപഗ്രഥനം | ഫെബ്രുവരി അവസാനം | ഗണിതാധ്യാപകൻ | ----------- |

പ്രവർത്തനം - 16

പേര് : ഹരണം

ഉപ മേഖല : അക്കാദമികം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹരണം എളുപ്പമാക്കൽ | ആവർത്തന വ്യവകലനത്തിലൂടെ പ്രശ്നപരിഹാരം ഹരണ ക്രിയ - ഹാര്യം , ഹാരകം ,ശിഷ്ടം ഇവ കാണുന്നു മനക്കണക്ക് തുല്യമായി വീതിക്കൽ - വസ്തുക്കൾ ഉപയോഗിച്ച് | ഫെബ്രുവരി അവസാനം | ഗണിതാധ്യാപകൻ | ----------- |

പ്രവർത്തനം - 17

പേര് : അളവ് , തൂക്കം

ഉപ മേഖല : അക്കാദമികം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വിവിധ അളവുകൾ തിരിച്ചറിയുന്നതിന് | അളക്കൽ തൂക്കം എടുക്കൽ നിർമ്മാണം ഊഹിക്കൽ / കൃത്യത കണ്ടെത്തൽ ചതുഷ്ക്രിയകൾ ഉപയോഗിക്കൽ | ജനുവരി അവസാനം | ഗണിതാധ്യാപകൻ | ---------------- |

പ്രവർത്തനം - 18

പേര് : സമയം , കലണ്ടർ

ഉപ മേഖല : അക്കാദമികം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മിനിറ്റ് ,സെക്കന്റ് മണിക്കൂർ എന്നിവ പരിചയപ്പെടുന്നതിന്<br>ദിവസം , ആഴ്ച , മാസം , വർഷം എന്നിവ പരിചയപ്പെടുന്നതിന് | ക്ലോക്ക് നിർമാണം റെയിൽവേ സമയം പരിചയപ്പെടൽ കലണ്ടർ നിർമ്മാണം ആഘോഷങ്ങൾ കണ്ടെത്തൽ - ഏതു മാസം ഏതു ദിവസം | ഒരു മാസം | ഗണിതാധ്യാപകൻ | -------------- |

പ്രവർത്തനം - 19

പേര് : പ്രകൃതി നടത്തം

ഉപ മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പരിസരത്തിൽ നിന്നും നിരീക്ഷിച്ചറിയൽ | സസ്യങ്ങൾ നിരീക്ഷണം , തരംതിരിക്കൽ ,താരതമ്യം ചെയ്യൽ ,നിഗമനം രൂപീകരിക്കൽ ,ആൽബം നിർമ്മിക്കൽ(ശേഖരണം )<br><br>മഴ , കാലാവസ്ഥ വെള്ളത്തിന്റെ ഉപയോഗം , - രേഖപ്പെടുത്തൽ , കുറിപ്പെഴുതൽ<br><br>ജലസംരക്ഷണം , മണ്ണ് സംരക്ഷണം -പരീക്ഷണം ചെയ്യൽ<br><br>നിർമ്മാണ പ്രവർത്തനം<br><br>പോസ്റ്റർ നിർമ്മാണം<br><br>പ്ലക്കാർഡ് നിർമ്മാണം<br><br>ചിത്ര രചന<br><br>ഐ സി ടി സാധ്യത - വായു ,ജലം , മണ്ണ് സസ്യങ്ങൾ<br><br>ശേഖരണം , വിസ്മയ ചുവർ | ഡിസംബർ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ് | ---------------- |

പ്രവർത്തനം - 20

പേര് : പ്രതിഭ പോഷണ പരിപാടി

ഉപ മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവു ദിവസങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ് ആർ ജി<br><br>എസ്എസ്ജി | സ്പോൺസർഷിപ്പ്<br><br>3000/- |

പ്രവർത്തനം - 21

പേര് : മേളകൾ

ഉപ മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂൾ തല ശാസത്ര മേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | പി ടി എ 2000/- |

പ്രവർത്തനം - 22

പേര് : ശാസ്ത്ര മൂല

ഉപ മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തുന്നതിന് | പി ടി എ യോഗത്തിൽ ശാസ്ത്ര മൂല സംബന്ധച്ച അവതരണം സാമഗ്രികൾ വാങ്ങൽ ക്ലാസിൽ സൂക്ഷിക്കേണ്ടവ , ലാബിൽ സൂക്ഷിക്കേണ്ടവ തരംതിരിക്കൽ സ്കൂൾ പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷകർത്താക്കൾ എസ് എസ് ജി ,അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | ഡിസംബർ ആദ്യ വാരം | പി ടി എ , ഹെഡ്മിസ്ട്രസ് ചുമതലപ്പെടുത്തുന്ന അധ്യാപകൻ | പഞ്ചായത്ത് 3000/- |

പ്രവർത്തനം - 23

പേര് : പഠനയാത്ര

ഉപ മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | ശാസ്ത്ര പ്രദർശങ്ങൾ മെഡിക്കൽ പ്രദർശങ്ങൾ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലത്തേക്ക് നടത്തുന്ന പഠനയാത്രകൾ | പ്രതിവർഷം മൂന്ന് യാത്രകൾ | സയൻസ് ക്ലബ് പി ടി എ | 10000/- പി ടിഎ |

പ്രവർത്തനം - 24

പേര് : പരീക്ഷണ ശില്പശാല

ഉപ മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പഠിക്കുന്നതിന് | പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും പങ്കെടുക്കാനാവസരം ഒന്നു മുതൽ നാലു വരെ ക്ലാസിലെ ചെറുതും വലുതും ആയ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ | ഡിസംബർ അവസാന വാരം | ഹെഡ്മിസ്ട്രസ് എസ് ആർ ജി കൺവീനർ | പഞ്ചായത്ത് 4000/- |

പ്രവർത്തനം - 25

പേര് : ശാസ്ത്ര സാഹിത്യ അഭിരുചി

ഉപ മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര അറിവ് വികസനം | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ്നിലവാരത്തിനുള്ളത് വാങ്ങൽ | ഡിസംബർ - ഫെബ്രുവരി | ക്ലാസ് അധ്യാപകർ പി ടി എ | 3000/- |

പ്രവർത്തനം - 26

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപ മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മധ്യവേനൽ അവധിക്കാലത്തു 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം ) | പി ടി എ പ്രസിഡന്റ് , ഹെഡ്മിസ്ട്രസ് | സ്പോൺസർഷിപ്പ് 4000/- |

പ്രവർത്തനം - 27

പേര് : മലയാള കൃതികൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യൽ

ഉപ മേഖല : അക്കാദമികം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | ഇംഗ്ലീഷ് ടീച്ചർ | 1000/- |

പ്രവർത്തനം - 28

പേര് : മലയാള കൃതികൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യൽ

ഉപ മേഖല : അക്കാദമികം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ - 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക .അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ .ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | ———— |

പ്രവർത്തനം - 29

പേര് : ഇംഗ്ലീഷ് ഡയറി

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ്ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | ———— |

പ്രവർത്തനം - 30

പേര് : ഇംഗ്ലീഷ് തിയേറ്റർ

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസിനു മുൻപാകെ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | ഹെഡ്മിസ്ട്രസ് ഇംഗ്ലീഷ് അധ്യാപകൻ | 1000/- |

പ്രവർത്തനം - 31

പേര് : ഇംഗ്ലീഷിൽ കത്തെഴുതുക

ഉപ മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തിലെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു സ്കൂളിലെ സമാന ക്ലാസിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | ——— |

പ്രവർത്തനം - 32

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപ മേഖല : ഇംഗ്ലീഷ് സർഗ്ഗാല്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാല്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഇംഗ്ലീഷിലെ വിവിധ സർഗ്ഗാല്മക രചനകൾ ഉൾപ്പെടുത്തി വർഷത്തിൽ ഒരു പ്രാവശ്യം ക്ലാസടിസ്ഥാനത്തിൽ ബുള്ളറ്റിൻ തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ് ഇംഗ്ലീഷ് ടീച്ചർ | 2000/- |

പ്രവർത്തനം - 33

പേര് : ഗ്രാമർ ക്ലാസ്

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് സംസാരിക്കുവാൻ | അവധി ദിവസങ്ങളിൽ വ്യാകരണത്തിനു പ്രാധാന്യം നൽകികൊണ്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതിവർഷം 20 ക്ലാസ് | ക്ലാസ് ടീച്ചർ | പൂർവ വിദ്യാർത്ഥി സംഘടന 5000/- |

പ്രവർത്തനം - 34

പേര് : ബാലസഭ - ഇംഗ്ലീഷ്

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാല്മക പ്രകടനം നടത്തുന്നതിന് | കഥ ,കവിത ,പ്രസംഗം ,പദ്യം ചൊല്ലൽ ,ആക്ഷൻ സോങ് മുതലായവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിന് | മൂന്ന് ടേമിലും ഓരോ പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ് | —— |

പ്രവർത്തനം - 35

പേര് : വർക്ഷീറ്റ്

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനം രസകരമാക്കുവാൻ | കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ അവസരം നൽകുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | ———— |

പ്രവർത്തനം - 36

പേര് : ഇംഗ്ലീഷ് കോർണർ

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠന അന്തരീഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ .കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്തു ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | ———— |

പ്രവർത്തനം - 37

പേര് : ബുള്ളറ്റിൻ ബോർഡ്

ഉപ മേഖല : അക്കാദമികം - പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിവരങ്ങളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്തു ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ശാസ്ത്ര ക്ലബ് | |

പ്രവർത്തനം - 38

പേര് : ക്വിസ് മത്സരം

ഉപ മേഖല : അക്കാദമികം - പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനറൽ നോളഡ്ജ് വർധിപ്പിക്കാൻ | ഐ ക്യൂ പരിക്ഷ അക്ഷരജ്യോതി ക്വിസ് ശാസ്ത്രപഥ ക്വിസ് മദർ ഇന്ത്യ ക്വിസ് എൽ എസ് എസ് പരീക്ഷ മുതലായ സ്കോളർഷിപ് പരീക്ഷകളിൽ പ്രത്യേക പരിശീലനവും പരീക്ഷയിൽ പങ്കെടുപ്പിക്കലും ഉന്നത വിജയം കരസ്ഥമാക്കലും | വർഷത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ് ക്ലാസ് ടീച്ചർ | ഒരു കുട്ടിക്ക് - 500<br>പി ടി എ |

പ്രവർത്തനം - 39

പേര് : കലാമണ്ഡപം

ഉപ മേഖല : അക്കാദമികം -കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്കു പരിപോഷണം | നൃത്തം ,സംഗീതം, പ്രസംഗം , കഥ കഥനം , പദ്യം ചൊല്ലൽ ചിത്രരചന , പെയിന്റിങ് തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡലം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നു .(അവധി ദിവസങ്ങളിൽ പരിശീലനം ) | അവധി ദിവസങ്ങൾ | കലാധ്യാപകൻ | ഒരു കുട്ടിക്ക് 500 പി ടി എ |

പ്രവർത്തനം - 40

പേര് : കായിക പരിശീലനം

ഉപ മേഖല : അക്കാദമികം - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ച്ചയിൽ 2 ദിവസം | ടീച്ചേഴ്സ് | ---------- |

പ്രവർത്തനം - 41

പേര് : അവാർഡ് / സമ്മാനങ്ങൾ

ഉപ മേഖല : പാഠ്യ പഠ്യേതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിജയികൾക്ക് പ്രോത്സാഹനം നൽകുന്നു . | പാഠ്യ പഠ്യേതര വിഷയങ്ങളിൽ സ്കൂൾ തലം ,ഉപ ജില്ലാ തലം ജില്ലാ തലം ,സംസ്ഥാന തലം - വിജയികൾക്ക് ക്യാഷ്അവാർഡും മെമെന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | ഹെഡ്മിസ്ട്രസ് പി ടി എ | പൂർവ വിദ്യാർത്ഥി സംഘടന 1000/- |

പ്രവർത്തനം - 42

പേര് : പച്ചക്കറി തോട്ടം

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്തു ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി എസ് എസ് ജി | കൃഷിവകുപ്പ് 5000/- |

പ്രവർത്തനം - 43

പേര് : ജൈവവൈവിധ്യ പാർക്ക്

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സൗകര്യപ്രദമായ സ്ഥലത്തു ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക | ഒരു പ്രാവശ്യം | എസ് ആർ ജി | എസ് എസ് എ 25000/- |

പ്രവർത്തനം - 44

പേര് : ക്ലാസ് പി ടി എ സജീവമാക്കൽ

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി ടി എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | ------ |

പ്രവർത്തനം - 45

പേര് : പോഷക ആഹാര പരിപാടി

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ചു പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണചുമതലയുള്ള ടീച്ചർ ,ഹെഡ്മിസ്ട്രസ് | |

പ്രവർത്തനം - 46

പേര് : മാതാപിതാക്കളുടെ പ്രൊഫൈൽ

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മികവുറ്റവരാക്കാൻ | മാതാപിതാക്കളുടെ / പൂർവ്വവിദ്യാർഥിയുടെ ഡേറ്റ ബുക്ക് തയ്യാറാക്കൽ . പഠന പിന്നോക്കാവസ്ഥയുള്ളവർക്കുള്ള വർക്ഷീറ്റുകൾ തയ്യാറാക്കൽ ,സർവേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ | വർഷത്തിൽ ഒന്ന് വീതം | എസ് ആർ ജി, പി ടിഎ, എം പി ടി എ, എൽ എസ് ജി | 2000/- |

പ്രവർത്തനം - 47

പേര് : ജന്മ ദിനത്തിനൊരു പുസ്തകം

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മ ദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസിലേക്ക് സംഭാവന ചെയ്യുന്നു . കുടുബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനനത്തിൽ പങ്കാളിയാക്കാം | എല്ലാ ജന്മ ദിനങ്ങളിലും | ക്ലാസ് ടീച്ചർ , ക്ലാസ് ലീഡർ | |

പ്രവർത്തനം - 48

പേര് : വർക്ക് ഷീറ്റ് നിർമ്മിക്കൽ

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വരികകളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു . ഇതിന് അനുയോജ്യമായ അടിക്കുറിപ്പ് ,കവിത , കഥ ,വിവരണം എന്നിവ എഴുതിച്ചേർത്തു വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ ഒരു പ്രാവശ്യം | എസ്ആർ ജി | ---------- |

പ്രവർത്തനം - 49

പേര് : സമഗ്ര പോർട്ടൽ ശിൽപ്പശാല

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | It @ സ്കൂളിന്റെ പോർട്ടലായ സമഗ്ര യിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ് ആർ ജി യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തങ്ങൾ കണ്ടെത്തൽ ,സമയ ലഭ്യതയനുസരിച്ചു പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്ആർജി | ——— |

പ്രവർത്തനം - 50

പേര് : ജില്ലാ - സംസ്ഥാന സഞ്ചാരം

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജില്ല / സംസ്ഥാനങ്ങൾ പരിചയപ്പെടൽ | ജില്ലയുടെയും സംസ്ഥാനത്തിന്റെയും വലിയ ഭൂപടം എല്ലാവർക്കും കാണാവുന്ന വിധത്തിൽ ഒരു ഭിത്തിയിൽ വലുതായി ചിത്രീകരിക്കണം .ദിവസവും ദിന പത്രങ്ങൾ പരിശോധിച്ചു ഓരോ ജില്ല - സംസഥാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് സ്ഥലങ്ങളിൽ ഒട്ടിക്കുന്നു .മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കുന്നു . | പ്രതിദിനം | എസ്ആർജി | |

പ്രവർത്തനം - 51

പേര് : ദിനാചരണ കലണ്ടർ

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നതിന് | വലിയ ചാർട്ട് പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾ മുഴുവൻ തിയതിയും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക .ദിനാചരണവുമായി ബന്ധപ്പെട്ട ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയതിക്ക് താഴെ ഒട്ടിക്കുന്നു | പ്രതിദിനം | എസ് ആർ ജി | ———— |

പ്രവർത്തനം - 52

പേര് : 10 കവികൾ 10 കവിതകൾ

ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | നാലാം ക്ലാസിലെ കുട്ടികൾക്ക് 10 കവികളുടെ പേരുകൾ നൽകുന്നു .ഓരോ കുട്ടിയും അവർക്കു ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ജീവചരിത്രകുറിപ്പും തയ്യാറാക്കണം .പുസ്തക രൂപത്തിൽ ഇത് പ്രസിദ്ധികരിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി പി ടി എ | 1000/- |

പ്രവർത്തനം - 53

പേര് : ചുറ്റുമതിൽ , ഗെയ്റ്റ്

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക .ചുറ്റുമതിൽ ആകർഷകമാക്കുക .ഗെയ്റ്റ് , നെയിം ബോർഡ് എന്നിവ വയ്ക്കുക | ഒരു വർഷം | പി ടി എ എൽ എസ് ജി ഡി | ജില്ലാ പഞ്ചായത്ത് 500000/- |

പ്രവർത്തനം - 54

പേര് : കിഡ്സ് പാർക്ക്

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്തു കിഡ്സ് പാർക്ക് ഒരുക്കൽ | രണ്ടു വർഷം | പി ടി എ, എൽ എസ് ജി ഡി | എം എൽ എ ഫണ്ട് 1000000/- |

പ്രവർത്തനം - 55

പേര് : പുതിയ സ്കൂൾ കെട്ടിടം

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്മാർട്ട് ക്ലാസ് റൂം സൗകര്യങ്ങളോടുകൂടിയ പുതിയ സ്കൂൾ കെട്ടിടം പണികഴിപ്പിക്കുക | രണ്ട് വർഷം | പി ടി എ , എൽ സ് ജി ഡി | 6500000/- (എം എൽ എ ഫണ്ട്) |

പ്രവർത്തനം - 56

പേര് : പാചകപ്പുര - ഡൈനിങ് ഹാൾ

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം +ആരോഗ്യം =പഠനം | സൗകര്യപ്രദമായ സ്ഥലത്തു പാചകപ്പുര പണിയൽ.ആകർഷകമായ വിധത്തിൽ ഡൈനിങ്ങ് ഹാൾ ഒരുക്കൽ | രണ്ട് വർഷം | പി ടി എ എൽ സ് ജി ഡി | എം പി ഫണ്ട് |

പ്രവർത്തനം - 57

പേര് : ഓഫീസ് റൂം / സ്റ്റാഫ് റൂം നിർമ്മാണം

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനംവിദ്യാലയ ആവശ്യത്തിന് ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കൽ ,ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കൽ .അധ്യാപകർക്ക് സൗകര്യപ്രദമായ വിശ്രമ സ്ഥലം ഒരുക്കൽ | ഒരു വർഷം | പിടി എ | (എം എൽ എ ഫണ്ട്) |

പ്രവർത്തനം - 58

പേര് : മാലിന്യ സംസ്കരണം

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്തു ഒരുക്കൽ | ഒരു വർഷം | എസ് എസ് ജി | ജില്ലാ പഞ്ചായത്ത് 100000/- |

പ്രവർത്തനം - 59

പേര് : കമ്പ്യൂട്ടർ റൂം , ലൈബ്രറി റൂം , ലബോറട്ടറി റൂം

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് | കമ്പ്യൂട്ടർ പരിശീലനത്തിനും ലൈബ്രറി പുസ്തകങ്ങൾ ക്രമീകരിക്കുന്നതിനും വായിക്കുന്നതിനും ലാബ് ക്രമീകരിക്കുന്നതിനും പരീക്ഷണം ചെയ്യുന്നതിനും പ്രേത്യേകം പ്രേത്യേകം മുറികളുടെ നിർമ്മാണം | രണ്ട് വർഷം | പി ടി എ | ജില്ലാ പഞ്ചായത്ത് 30 ലക്ഷം |

പ്രവർത്തനം - 60

പേര് : കുടിവെള്ള സംഭരണം

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശുദ്ധ ജലം ആവശ്യാനുസരണം ലഭ്യമാകുന്നതിന് | മഴവെള്ള സംഭരണി , കുഴൽ കിണർ എന്നിവ സ്കൂളിന്റെ ഉപയോഗത്തിനായി നിർമ്മിക്കുക | ആറു മാസം | പി ടി എ | 2ലക്ഷം രൂപ |

പ്രവർത്തനം - 61

പേര് : സ്കൂൾ ബസ്

ഉപ മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| യാത്രാസൗകര്യം വർധിപ്പിക്കുന്നതിന് | ബസ് സൗകര്യം കുറഞ്ഞ സ്ഥലമായതിനാൽ കുട്ടികൾക്ക് യാത്ര ചെയ്യുന്നതിനായി ഒരു സ്കൂൾ ബസ് വാങ്ങുന്നതിനുള്ള ക്രമീകരണം ചെയ്യൽ | ഒരു വർഷം | പി ടി എ | എം എൽ എ ഫണ്ട് |

പ്രവർത്തനം - 62

പേര് : പൂർവ വിദ്യാർത്ഥി സംഗമങ്ങൾ

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ .അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ./ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ് എസ് ജി ഒ എസ് എ | 5000/- |

പ്രവർത്തനം - 63

പേര് : അംഗനവാടി കലോത്സവം

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ .നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടിപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ , വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി ടി എ | 10,000/- |

പ്രവർത്തനം - 64

പേര് : വായന കൂട്ടം

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ , രക്ഷിതാക്കൾ , നാട്ടിലെ വായന തല്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ .നല്ല വായനക്കാരനെ ആദരിക്കൽ . | ആവശ്യാ-നുസരണം | ലൈബ്രറി ചുമതലയുള്ള അധ്യാപകൻ | —— |

പ്രവർത്തനം - 65

പേര് : പ്രാദേശിക പി ടി എ യോഗങ്ങൾ

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ചു രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്തു പി ടി എ യോഗങ്ങൾ ചേരൽ .വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസും സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് എസ് ജി , എസ് ആർ ജി | |

പ്രവർത്തനം - 66

പേര് : പഠനകൂട്ടം

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ചു പഠന കൂട്ടങ്ങൾ രൂപീകരിക്കണം . ഓരോ ടേമിലും ഒന്ന് വീതം അരദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണം . | ആഴ്ചയിൽ ഒരു ദിവസം പഠന കൂട്ടം<br>ഓരോ ടേമിലും ഒന്ന് വീതം മികവുകളുടെ അവതരണം | എസ് ആർ ജി ,പി ടി എ | 5000/- പൂർവവിദ്യാർഥി സംഘടനാ |

പ്രവർത്തനം - 67

പേര് : പി ടി എ / എം പി ടി എ - സർഗോത്സവം

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപക രക്ഷാകർത്തൃബന്ധം ശക്തമാക്കുക | പി ടി എ , മദേഴ്സ് ഫോറം അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ പരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനം നൽകൽ .കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി ടി എ , എം പി ടി എ ,എസ് ആർ ജി | 10000/-<br>പി ടി എ |

പ്രവർത്തനം - 68

പേര് : കാരണവക്കൂട്ടം

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയ പരിസരത്തു താമസിക്കുന്ന 60 വയസിനുമുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു .നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു .വിവരണം തയ്യാറാക്കുന്നു | വർഷത്തിൽ ഒന്ന് വീതം | ഒ എസ് എ , എസ് ആർ ജി | ---------- |

പ്രവർത്തനം - 69

പേര് : ഭവന സന്ദർശനം

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക . കുട്ടികളുടെ പഠനാന്തരീക്ഷം മനസിലാക്കുക | അധ്യാപകർ വർഷത്തിൽ ഒരു പ്രാവശ്യം എല്ലാ കുട്ടികളുടെയും ഭവനങ്ങൾ സന്ദർശിക്കുന്നു . മാതാപിതാക്കളെ പരിചയപ്പെടുകയും വീട്ടിലെ സാഹചര്യം മനസിലാക്കുകയും ചെയ്യുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | -------- |

പ്രവർത്തനം - 70

പേര് : കൗൺസിലിംഗ് , സെമിനാർ

ഉപ മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസിക പ്രശ്നങ്ങൾപരിഹരിക്കുന്നതിന് | വർഷത്തിൽ ഒരിക്കൽ ഒരു ദിവസത്തെ ധാർമ്മിക മൂല്യങ്ങളെക്കുറിച്ചുള്ള ക്ലാസും ആവശ്യമുള്ളവർക്ക് കൗൺസിലിംഗും നൽകുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഹെഡ്മിസ്ട്രസ് | 2000/- |

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- മികച്ച പഠനാന്തരീഷം ഒരുക്കാൻ സാധിക്കുന്നു .
- സ്കൂളിന്റെ അടിസ്ഥാന സൗകര്യം വികസിക്കുന്നു .
- സ്കൂളും പൊതുജനങ്ങളുമായിട്ടുള്ള ബന്ധം വർത്തിക്കുന്നു .
- വിദ്യാലയ പ്രവേശനനിരക്ക് വർത്തിക്കുന്നു .

## മോണിട്ടറിംഗ് രീതി

- ദൈനംദിന മോണിട്ടറിംഗ് ഹെഡ്മിസ്ട്രസ് ,എസ ആർ ജി കൺവീനർ ,പി ടി എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു .
- സോഷ്യൽ മോണിട്ടറിംഗ് (പി ടി എ ,എം പി ടി എ ,എസ് എസ് ജി, എസ് ആർ ജി ,ഒ എസ് എ എന്നിവരെ ഉൾപ്പെടുത്തി നടത്തുന്നു .
- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു .

## ഉപസംഹാരം

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വിധമുള്ള മുന്നേറ്റത്തിനൊരുങ്ങുകയാണ് .സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷക്കനുസരിച്ചു പൊതുവിദ്യാലയങ്ങളെ പരിവർത്തിപ്പിക്കുന്നതിനുള്ള അതിബൃഹത്തും സമഗ്രവുമായ പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നത് . അർഥപൂർണമായ പൊതുജനപങ്കാളിത്തം കൊണ്ടുമാത്രമേ നാം തയ്യാറാക്കിയിട്ടുള്ള ഈ മാസ്റ്റർ പ്ലാൻ വിജയം കൈവരിക്കുകയുള്ളു .പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ താല്പര്യം ഉള്ള ആർക്കും ഈ യജ്ഞം വാതിൽ തുറന്നിടുന്നു .വൈവിധ്യമാർന്നതും തനിമയുള്ളതുമായ പ്രവർത്തനങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതുവിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കി തീർക്കാൻ ഈ മാസ്റ്റർ പ്ലാൻ നമ്മെ പ്രാപ്തരാക്കട്ടെ . വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ശക്തമായ ഇടപെടലിലൂടെ പ്രകടമായ മാറ്റം നമുക്ക് സാധ്യമാക്കാം . നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ ഓജസും തേജസും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സംപുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു .